ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) സംസ്ഥാനത്തെ റെയിൽവേയിൽ നടപ്പാക്കേണ്ട പദ്ധതികൾ കണ്ടെത്തുന്നതിനും ആവിഷ്കരിക്കുന്നതിനും നിലവിൽ സംസ്ഥാന സർക്കാരിന് പ്രത്യേക സംവിധാനങ്ങൾ ഒന്നും ഇല്ല. എന്നാൽ കേരളത്തിലെ എം.പി.-മാരുൾപ്പെടെയുള്ള ജനപ്രതിനിധികൾ റെയിൽവേ പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിൽ എല്ലാ വർഷവും സമർപ്പിക്കുന്നത് ക്രോഡീകരിച്ചു പ്രത്യേക യോഗം ചേർന്ന് അവലോകനം ചെയ്ത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ് സംസ്ഥാന ഗവൺമെന്റ് ചെയ്തു വരുന്നത്.

(ബി) പുരോഗതി വിലയിരുത്തുന്നതിന് നിലവിലെ സംവിധാനം ഏറെക്കുറെ പര്യാപ്തമാണ്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം തന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. എന്നാൽ ആവശ്യത്തിന് ഫണ്ട് റെയിൽവേയിൽ നിന്നും കൃത്യമായി ലഭ്യമാകാത്തതിനാലും സ്ഥലമേറ്റെടുത്ത് റെയിൽവേക്ക് നല്കുന്നതിനുണ്ടായ തടസ്സങ്ങളും കാരണവും പാതയിരട്ടിപ്പിക്കൽ, ഗേജ് മാറ്റം തുടങ്ങിയ പണികൾ പൂർത്തിയാകാത്തതെന്ന് വിലയിരുത്തുകയും ഈ പണികൾക്ക് കൃത്യമായി ആവശ്യമായ തുകകൾ ലഭ്യമാക്കി, പണികൾ റെയിൽവേ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുമുണ്ട്.

കൂടാതെ എല്ലാ വർഷവും റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി കേരളത്തിലെ ലോകസഭാ, രാജ്യസഭാ, എം.പി.-മാരുടെ യോഗം ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും റെയിൽവേ വികസനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചർച്ച ചെയ്യുകയും മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര സർക്കാരിലും റെയിൽവേ മന്ത്രാലത്തിലും അയച്ച് വേണ്ട സമ്മർദ്ദം ചെലുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സഹകരണ മേഖലയുടെ സാമൂഹ്യ ബാധ്യതകൾ

13 (*343) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണമേഖലയ്ക്ക് അതിന്റെ സാമൂഹ്യബാദ്ധ്യതകൾ നിറവേറ്റുന്നതിന് സാദ്ധ്യമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്രസർക്കാരിന്റെ നയസമീപനങ്ങളും നിർദ്ദേശങ്ങളുംമൂലം സഹകരണപ്രസ്ഥാനം വഴി സമൂഹത്തിനു ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ തടയപ്പെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ത്രിതലവായ്പാസംഘങ്ങൾ നടത്തിവന്നിരുന്ന ഏതെല്ലാം പ്രവർത്തനങ്ങൾ ഇപ്പോൾ തടയപ്പെട്ടിട്ടുണ്ട്;

(സി) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിക്കാതെയുള്ള റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും നിലപാടുകൾക്കെതിരെ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു;

(ഡി) സ്വകാര്യമേഖലയെ സഹായിക്കുന്ന കാഴ്ചപ്പാടുള്ള അധികാരികളുടെ നിലപാടിന്റെ ഫലമാണ് ഇത്തരത്തിൽ സഹകരണമേഖലയിൽക്കൂടി സമൂഹത്തിന് ലഭ്യമാക്കാൻ കഴിയുന്ന സഹായങ്ങൾ ലഭ്യമാക്കുന്നതിനു സാധിക്കാതെ വരുന്നതെന്ന പരാതിയിൽ നിലപാട് വ്യക്തമാക്കുമോ?

സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് സഹകരണ മേഖല അതിന്റെ സാമൂഹ്യ ബാദ്ധ്യതകൾ നിറവേറ്റുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ഉത്സവകാലങ്ങളിലും സർക്കാർ നിർദ്ദേശിക്കുന്ന സമയത്തും കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ സഹകരണ സംഘങ്ങൾ മുഖേന വിലകയറ്റ വിരുദ്ധ മാർക്കറ്റുകൾ സംഘടിപ്പിക്കാറുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി സഹകരണസ്ഥാപനങ്ങൾ മുഖേന വൃക്ഷ തൈകൾ നടുന്നതിനായി സഹകരണ വകുപ്പ് കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സുവർണ്ണ കേരളം എന്ന പേരിൽ സഹകരണ വകുപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സമസ്ത മേഖലകളിലും പ്രവർത്തിക്കുന്ന വിവിധ വിഭാഗം സഹകരണ സംഘങ്ങളും അംഗങ്ങളുടേയും പൊതുജനങ്ങളുടേയും ക്ഷേമത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ഉയർന്ന വില ലഭിക്കുന്നതിനായി സർക്കാർ പ്രഖ്യാപിക്കുന്ന താങ്ങു വിലയ്ക്ക് അനുസൃതമായി നെല്ല് സംഭരണം, കൊപ്ര സംഭരണം, കുരുമുളക് സംഭരണം, റബ്ബർ സംഭരണം മുതലായ പ്രവർത്തനങ്ങൾ നടത്തുന്നു. വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത് മരണപ്പെടുന്നവരുടെയും, മാരക രോഗം ബാധിച്ചവരുടെയും ഒരു നിശ്ചിത തുക വരെയുള്ള വായ്പാ ബാധ്യത എഴുതിതള്ളുന്നതിനായി റിസ്ക് ഫണ്ട് സ്കീം നടപ്പിലാക്കി വരുന്നു. സഹകരണ ആശുപത്രികൾ മുഖേന മിതമായ നിരക്കിൽ ആധുനിക ചികിത്സാ സൗകര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കുന്നു. കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ സഹകരണ സംഘങ്ങൾ കർഷക സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ത്രിതല വായ്പാ സഹകരണ സംഘങ്ങൾ നടത്തിവന്നിരുന്ന പ്രവർത്തനങ്ങൾ തടയപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനങ്ങളുടെ പ്രത്യേക സാഹചര്യം പരിഗണിക്കാതെ റിസർവ് ബാങ്ക് നിയോഗിച്ച പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾക്ക് അനുസൃതമായി ബന്ധപ്പെട്ട സംസ്ഥാന സഹകരണ നിയമങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പ, സഹകരണ സംഘങ്ങളിലെ നിക്ഷേപവും വായ്പയും, ഓഹരി തുകയും ജില്ലാ സഹകരണ ബാങ്കുകളിലേക്ക് മാറ്റാവുന്നതാണെന്ന് 22-7-2013-ൽ നബാർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എല്ലാ സംസ്ഥാന സഹകരണ ബാങ്കുകൾക്കും ജില്ലാ സഹകരണ ബാങ്കുകൾക്കും നിർദ്ദേശം നൽകിയിരുന്നു.

പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 22-7-2013-ൽ നബാർഡ് നൽകിയ സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ യാതൊരു നടപടിയും സ്വീകരിക്കേണ്ടതില്ലെന്ന് സഹകരണ സംഘം രജിസ്ട്രാർ 3-8-2013-ൽ സംസ്ഥാന സഹകരണ ബാങ്കിനേയും, ജില്ലാ സഹകരണ ബാങ്കുകളേയും അറിയിച്ചിരുന്നു. ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ കേരളത്തിൽ നടപ്പിലാക്കാൻ കഴിയില്ലെന്ന് പരാമർശിച്ച് സഹകരണ വകുപ്പ് മന്ത്രി കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്കും, കൃഷി വകുപ്പ് മന്ത്രിയ്ക്കും കത്ത് നൽകിയിരുന്നു. പ്രകാശ് ബക്ഷി കമ്മറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നബാർഡ് പുറപ്പെടുവിച്ച സർക്കുലർ നിർബന്ധപൂർവം നടപ്പിലാക്കേണ്ടതില്ലെന്ന് നബാർഡ് 6-9-2013-ൽ 196/IDD-11/2013-14 നമ്പർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആകയാൽ ടി വിഷയത്തിന് ഇപ്പോൾ പ്രസക്തിയില്ല. പ്രകാശ് ബക്ഷി കമ്മറ്റി റിപ്പോർട്ടിലെ ശിപാർശകൾ കേരളത്തിലെ സഹകരണ മേഖലയ്ക്ക് അനുയോജ്യമല്ല എന്നതാണ് സർക്കാർ നിലപാട്.

(ഡി) സഹകരണ മേഖലയിൽക്കൂടി സമൂഹത്തിന് ലഭ്യമാക്കാൻ കഴിയുന്ന സഹായങ്ങൾ ലഭ്യമാക്കുന്നതിന് സാധിക്കാതെ വരുന്നുവെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടില്ല. കേരളത്തിലെ സഹകരണ മേഖലയ്ക്ക് അനുയോജ്യമല്ലാത്തതും, സഹകരണ മേഖലയുടെ വളർച്ചയ്ക്കും, പുരോഗതിക്കും വിഘാതം സൃഷ്ടിക്കുന്നതുമായ നിർദ്ദേശങ്ങൾ നടപ്പിലാക്കില്ല എന്നതാണ് ഇതു സംബന്ധിച്ച സർക്കാർ നിലപാട്.

LIBRARY ARCHIVES Kerala Legislative Assembly